പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3362 — 20.06.2018 ൽ മറുപടിക്ക്

പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി ജോസഫ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ മുൻ ഗവണ്മെന്റിന്റെ കാലത്തെ മന്ത്രിസഭാംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തവർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുള്ള നടപടികൾ അനിശ്ചിതമായി നീണ്ടുപോകാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | എ അപേക്ഷകന്റെ സേവന പുസ്തകം പൊതുഭരണ (അക്കൗണ്ട്സ്.സി/ റെക്കോർഡ്സ്) എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷകൻ തന്നിരിക്കുന്ന വിവരങ്ങൾ എല്ലാം ക്രമപ്രകാരമാണോ എന്ന് പരിശോധിച്ചതിനു ശേഷം പെൻഷൻ ബുക്കുകളും മറ്റ് രേഖകളും ഓഫീസ് മേധാവിയും പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയും സാക്ഷ്യപ്പെടുത്തുകയും ആയതിന് ശേഷം ടി രേഖകളും പെൻഷൻ ബുക്കുകളും സേവന പുസ്തകവും വേരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളയ്ക്ക് അയയ്ക്കുകയും ചെയ്തു വരുന്നു. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യിൽ നിന്നും വേരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷകന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവും നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റും ലാസ്റ്റ് പേ സർട്ടിഫിക്കറ്റും സഹിതം ബന്ധപ്പെട്ട ട്രഷറിയിൽ അയച്ചുകൊടുക്കുകയും ചെയ്യുന്നു. ഇത്രയും നടപടികളാണ് പെൻഷൻ അനുവദിക്കുന്നതിന് സ്വീകരിച്ചു വരുന്നത്. പെൻഷൻ |

| | | | |
|---|---|---|---|
| | | | അപേക്ഷകൾക്കൊപ്പം സേവന പുസ്തകവും പൂർണ്ണമായ അപേക്ഷയും ലഭ്യമാകാത്ത സാഹചര്യത്തിൽ അത്തരം പെൻഷൻ അപേക്ഷകൾ തീർപ്പാക്കുവാൻ കാലതാമസം നേരിടുന്നുണ്ട്. |
| ബി<br>സി | പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത് എത്ര പേർക്കാണെന്ന് വ്യക്തമാക്കുമോ;<br>ഇതിൽ എത്ര പേർക്കാണ് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | ബി & സി | മുൻ മന്ത്രിസഭാംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിൽ 403 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. 2018 മെയ് വരെ **243** പേർക്ക് പെൻഷൻ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| ഡി<br>ഇ | മുൻ ഗ്രാമവികസന മന്ത്രിയുടെ കുക്കായി ജോലി ചെയ്ത മറിയാമ്മ ലോറൻസിന്റെ പെൻഷൻ അനുവദിച്ചിട്ടുണ്ടോ;<br>ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ? | ഡി & ഇ | 55 വയസിനു ശേഷം പേഴ്സണൽ സ്റ്റാഫ് സർവ്വീസിൽ പ്രവേശിച്ച ശ്രീമതി മറിയാമ്മ ലോറൻസിന് പെൻഷൻ അനുവദിക്കുന്നതിന് വിവിധ വകുപ്പുകളുടെ അഭിപ്രായം ആരായേണ്ടതുള്ളതിനാൽ പ്രസ്തുത ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു |

Sandeep(?)

സെക്ഷൻ ഓഫീസർ